LIBRARY ARCHIVES Kerala Legislative Assembly

ആറനാട് ടഷറിക്ക് കെട്ടിടം

227 (575) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ആറനാട് ടഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ ;

(സി) അടിയന്തരമായി ടഷറി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ച ആറനാട് സബ് ടഷറി നിർമ്മാണം എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടഷറി നിക്ഷേപം

228 (576) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാറിന്റെ ടഷറി സേവിംഗ്സ് ബാങ്കിൽ നിലവിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടെന്ന് വ്യക്തമാക്കാമോ ; അതിൽ സ്ഥിരനിക്ഷേപം എത്ര ; ഇതിൽ പൊതുജനങ്ങളുടേത് എത്ര ; സഹകരണ സ്ഥാപനത്തിൽ നിന്നുള്ളവ എത്ര ; ബോർഡുകളിലും കോർപ്പറേഷനുകളിലും നിന്നും ഉള്ളവ എത്ര ; ഇതിലൊന്നും പെടാത്തവ എത്ര ; വിശദമാക്കാമോ ;

(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പലിശ ഇനത്തിൽ നല്കാൻ ബാധ്യതപ്പെട്ട തുക എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ടഷറി സേവിംഗ്സ് ബാങ്കിൽ 2015 മാർച്ച് 3-ൽ ഉണ്ടായിരുന്ന മൊത്തം നിക്ഷേപം 14021.87 കോടി രൂപയാണ്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :